ള്ളത് സാംസ്കാരിക കേരളത്തിന് അപമാനമുണ്ടാക്കിയിട്ടുള്ള ഈ നടപടിയിൽ നിന്ന് എത്രയും പെട്ടെന്ന് സർക്കാർ പിന്തിരിയണമെന്നാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കോഴിക്കോട് ജില്ലാ ട്രഷറിയിലെ ഉദ്യോഗസ്ഥനായ ശ്രീ. വി. പ്രഭാകരൻ 1998 ജനുവരി 5-ന് കോഴിക്കോട് ഇമ്പീരിയൽ ഹോട്ടലിൽ ചേർന്ന മനുഷ്യാവകാശ സമിതിയുടെ സംസ്ഥാന കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്ത് അഭിസംബോധന ചെയ്ത് സംസാരിച്ചതായും പിന്നെ മറ്റൊരു യോഗത്തിൽ സവർണ്ണ സാഹിത്യത്തെപ്പറ്റിയുള്ള സെമിനാറിൽ പങ്കെടുത്ത് സംസാരിച്ചതായും അതുവഴി സർക്കാർ ജീവനക്കാരുടെ കോൺടക്ട് റൂൾസിലെ ചട്ടം 73-ലെ വ്യവസ്ഥകൾ അദ്ദേഹം ലംഘിച്ചതായും ആഭ്യന്തര വകുപ്പിൽ നിന്നും ട്രഷറി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിനെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ഡയറക്ടറുടെ ശുപാർശയുണ്ടായി. അതിൻമേൽ ശ്രീ.വി. പ്രഭാകരന് കോഴിക്കോട് ജില്ലാ ട്രഷറി ഓഫീസർ കുറ്റാരോപണ മെമ്മോ നൽകുകയും അദ്ദേഹം ആ മെമ്മോയ്ക്ക് മറുപടി നല്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. മുനീർ പറഞ്ഞത് സെക്ഷൻ 73 കോൺടാക്ട് റൂൾസിന്റെ പെർവ്യൂവിൽ ഈ ഒഫൻസ് വരുകയില്ല എന്നാണ്. അങ്ങനെയാണെങ്കിൽ അദ്ദേഹത്തിന്റെ മറുപടി കിട്ടട്ടെ. അദ്ദേഹത്തിന് അനീതിയാണ് കിട്ടുന്നത് എങ്കിൽ നിശ്ചയമായും അപ്പലേറ്റ് അതോറിറ്റിയെ സമീപിക്കാവുന്നതാണ്. ഒരു തലത്തിലുള്ള നീതിയും നിഷേധിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല. നിയമവിരുദ്ധമല്ലെങ്കിൽ പങ്കെടുക്കുന്നതിന് യാതൊരു തടസ്സവും ഗവണ്മെന്റിനില്ല. പക്ഷേ നിയമം നിയമത്തിന്റെ വഴിക്കു വേണമല്ലോ. ആ രീതിയിൽ ഹോം ഡിപ്പാർട്ടുമെന്റ് അവരുടെ ശ്രദ്ധയിൽപ്പെടുത്തി. ട്രഷറി ഉദ്യോഗസ്ഥന്മാരോട് നടപടിയെടുക്കണമെന്ന് പറഞ്ഞു. He cannot escape. ചാർജ് മെമ്മോ ഫ്രെയിം ചെയ്ത് കൊടുത്തിട്ടുണ്ട്. അതിന് റിപ്ലൈയും അദ്ദേഹം കൊടുത്തിട്ടുണ്ട്. അതിനെ സംബന്ധിച്ച് എന്താണ് തീരുമാനമെന്നറിയാതെ ഈ സ്റ്റേജിൽ ഇന്റർഫിയർ ചെയ്യുന്നത് ശരിയല്ല. അദ്ദേഹത്തിന് ജസ്റ്റീസ് കിട്ടിയില്ലെങ്കിൽ he can very well approach the Govt. ഗവണ്മെന്റിനെ അപ്രോച്ച് ചെയ്യാം. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(21) നാദാപുരം 110 കെ.വി. സബ്സ്റ്റേഷന്റെ പണി

ശ്രീ. സത്യൻ മൊകേരി : സർ, ഏറ്റവും കൂടുതൽ വോൾട്ടേജ് ക്ഷാമമുള്ള പ്രദേശമാണ് നാദാപുരം. അവിടെ അനുവദിച്ചിട്ടുള്ള 110 കെ.വി. സബ്സ്റ്റേഷന്റെ പണി ആരംഭിക്കുന്നതിനാവശ്യമായിട്ടുള്ള ലാന്റ് അക്വിസിഷൻ നടപടികൾ എത്രയും പെട്ടെന്നുതന്നെ പൂർത്തീകരിച്ച് ഈ ജനുവരി മാസം ഒടുവിൽതന്നെ അതിന്റെ പ്രവൃത്തി ആരംഭിക്കത്തക്കവിധത്തിലുള്ള നടപടികൾ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് അടിയന്തിരമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ), : സർ, നാദാപുരം 110 കെ.വി. സബ്സ്റ്റേഷന് സ്ഥലം ഏറ്റെടുക്കുന്നതിനും, എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നതിനും 13.12.99-ൽ ലാന്റ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടർ റിപ്പോർട്ട് കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ നടപടി പൂർത്തീകരിച്ചു കഴിഞ്ഞാൽ ഉടനെതന്നെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കും. ജനുവരി അവസാനത്തിനു മുൻപുതന്നെ നാദാപുരം സബ്സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ബോർഡിന് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly